REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 05-05-2026 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **പശ്ചിമ ബംഗാൾ, അസം, പുതുച്ചേരി, തമിഴ്നാട്, കേരളം എന്നിവിടങ്ങളിലെ തെരഞ്ഞെടുപ്പ് വിജയത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളെ നന്ദി അറിയിച്ചു.**
- **മുഖ്യമന്ത്രി പിണറായി വിജയന്റെ  രാജി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സ്വീകരിച്ചു.**
- **തൃണമൂൽ കോൺഗ്രസിനെ നിലംപരിശാക്കി BJP പശ്ചിമബംഗാളിൽ ഭരണം പിടിച്ചെടുത്തു.**
- **തമിഴ്നാട് നിയമസഭാ തെരഞ്ഞെടുപ്പിൽ 108 സീറ്റോടെ ഏറ്റവും വലിയ ഒറ്റകക്ഷിയായി നടൻ വിജയ്-ന്റെ തമിഴക വെട്രി കഴകം.**
- **IPL ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ്, ലഖ്നൗ സൂപ്പർ ജയന്റ്സിനെ ആറ് വിക്കറ്റിന് തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

പശ്ചിമ ബംഗാൾ, അസം, പുതുച്ചേരി, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് വിജയത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളെ നന്ദി അറിയിച്ചു. ചരിത്രപരവും അസാധാരണവുമായിരുന്നു വോട്ടെണ്ണൽദിനമെന്ന് ന്യൂഡൽഹിയിൽ പാർട്ടി ആസ്ഥാനത്ത് പ്രവർത്തകരെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി പറഞ്ഞു.

ഇന്ത്യയുടെ മഹത്തായ ജനാധിപത്യത്തിലും ഏക ഭാരതം ശ്രേഷ്ഠ ഭാരതം എന്ന ആശയത്തിലും ജനങ്ങൾ അർപ്പിച്ച വിശ്വാസമാണ് അഞ്ചു സംസ്ഥാനങ്ങളിലും താമര വിരിയാൻ കാരണമായതെന്ന് പ്രധാനമന്ത്രി പറഞ്ഞു. മികച്ച

വിജയത്തിന് നേതൃത്വം നൽകിയ BJP ദേശീയ അധ്യക്ഷൻ നിതിൻ നബീനെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

രാജ്യത്തെ ഇരുപതിലധികം സംസ്ഥാനങ്ങളിൽ BJP-NDA സഖ്യം അധികാരത്തിലുണ്ടെന്നും BJPയുടെ മന്ത്രം, പൗരനാണ് ദൈവം എന്നാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

പശ്ചിമ ബംഗാളിന്റെ മികച്ച ഭാവിക്കായി പാർട്ടി അക്ഷീണം പ്രവർത്തിക്കും. അവിടുത്തെ സ്ത്രീകൾ ഇനി സുരക്ഷിതരാണെന്നും യുവാക്കൾക്ക് കൂടുതൽ തൊഴിൽ ലഭിക്കുമെന്നും പറഞ്ഞ പ്രധാനമന്ത്രി അനധികൃത കുടിയേറ്റം അവസാനിപ്പിക്കുമെന്നും നുഴഞ്ഞുകയറ്റക്കാർക്കെതിരെ കർശന നടപടി എടുക്കുമെന്നും ഉറപ്പു നൽകി.

നാലു സംസ്ഥാനങ്ങളിലെയും പുതുച്ചേരിയിലെയും ജനങ്ങൾ BJPയിലും NDAയിലും വിശ്വാസം അർപ്പിച്ചതിന് BJP ദേശീയ അധ്യക്ഷൻ നിതിൻ നബീനും ജനങ്ങളെ നന്ദി അറിയിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ജനങ്ങൾ അർപ്പിക്കുന്ന വിശ്വാസത്തിന്റെ പ്രതിഫലനമാണ് തെരഞ്ഞെടുപ്പ് വിജയമെന്നും നബീൻ പറഞ്ഞു.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയന്റെ രാജി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സ്വീകരിച്ചു. തെരഞ്ഞെടുപ്പിലെ UDF വിജയത്തെ തുടർന്ന് ഇന്നലെ വൈകിട്ട് പിണറായി വിജയൻ രാജി വെക്കുകയായിരുന്നു. രാജി സ്വീകരിച്ച ഗവർണർ പുതിയ ഗവൺമെന്റ് രൂപീകരിക്കുന്നതുവരെ കാവൽ മുഖ്യമന്ത്രിയായി തുടരാൻ അദ്ദേഹത്തോട് അഭ്യർത്ഥിച്ചതായി രാജ്ഭവൻ കേന്ദ്രങ്ങൾ അറിയിച്ചു.

✪✪✪

കണ്ണൂർ ജില്ലയിലെ 11 നിയോജകമണ്ഡലങ്ങളിൽ ആറിടത്ത് LDFഉം അഞ്ചിടത്ത് UDFഉം വിജയിച്ചു. ധർമടം മണ്ഡലത്തിൽ പിണറായി വിജയൻ 19,247 വോട്ടിനും പേരാവൂർ മണ്ഡലത്തിൽ സണ്ണി ജോസഫ് 11,453 വോട്ടിന്റെ ഭൂരിപക്ഷത്തിലുമാണ് വിജയിച്ചത്.

കണ്ണൂരിൽ നിന്ന് KO ശശിധരൻ...

..........വോയ്സ്.....

2021ലെ തെരഞ്ഞെടുപ്പിൽ വിജയിച്ച പേരാവൂറും ഇരിക്കൂറും നിലനിർത്തിയതിന് പുറമേ കണ്ണൂർ തളിപ്പറമ്പ് പയ്യന്നൂർ മണ്ഡലങ്ങളും ഇത്തവണ യുഡിഎഫ് പിടിച്ചെടുത്തു. പേരാവൂരിൽ കെ കെ ശൈലജയാണ്

സണ്ണി ജോസഫ് പരാജയപ്പെടുത്തിയത്. കണ്ണൂരിൽ ഡിയോ മോഹനൻ രാമചന്ദ്രൻ കടന്നപ്പള്ളിയെ പരാജയപ്പെടുത്തിയാണ് വിജയം കൈവരിച്ചത്.

കല്യാശ്ശേരി, അഴീക്കോട്, ധർമ്മടം, തലശ്ശേരി,കൂത്തുപറമ്പ്, മട്ടന്നൂർ എന്നീ മണ്ഡലങ്ങളിലാണ് എൽ.ഡി.എഫ് സ്ഥാനാർത്ഥികൾ വിജയിച്ചത്.

പയ്യന്നൂരിൽ യുഡിഎഫ് സ്വതന്ത്ര സ്ഥാനാർത്ഥി വി കുഞ്ഞികൃഷ്ണൻ 7487 വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ചപ്പോൾ തളിപ്പറമ്പിൽ 12551 ബോട്ടിന്റെ ഭൂരിപക്ഷത്തിലാണ് യുഡിഎഫ് സ്വതന്ത്രൻ ടി കെ ഗോവിന്ദൻ വിജയകിരീടം ചൂടിയത്.

അഴീക്കോട് മണ്ഡലത്തിൽ എൽഡിഎഫിലെ കെ വി സുമേഷ് 349 വോട്ടിന്റെ ട്ടിന്റെ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്. ജില്ലയിൽ നിലവിലെ എംഎൽഎമാരായ കെ കെ ശൈലജ, ടി. ഐ. മധുസൂദനൻ എന്നിവരും മന്ത്രി രാമചന്ദ്രൻ കടന്നപള്ളിയും പരാജയപ്പെട്ടു.

✪✪✪

UDF പാലക്കാട്ട് മുൻ വർഷത്തേക്കാൾ മൂന്ന് സീറ്റ് പിടിച്ചെടുത്തു. മത്സരിച്ച മന്ത്രി MB രാജേഷ് പരാജയപ്പെടുകയും ചെയ്തു.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്...

.........വോയ്സ്......

✪✪✪

കേരളത്തിൽ UDF തരംഗം ആഞ്ഞടിച്ചപ്പോഴും, തൃശൂർ ജില്ലയിൽ മുന്നേറ്റം സൃഷ്ടിക്കാനാകാതെ കോൺഗ്രസ്. 13 സീറ്റിൽ നാലിടത്തുമാത്രമാണ് അവർക്ക് വിജയിക്കാനായത്.

തൃശൂരിൽ നിന്ന് ഭരിതാപ്രതാപ്...

........വോയ്സ്.........

ശക്തന്റെ തട്ടകം ഇത്തവണയും ചുവന്നുതന്നെയിരിക്കും. സംസ്ഥാനമോട്ടാകെ യുഡിഎഫ് തരംഗം തീർത്തപ്പോഴും... ചാലക്കുടി ഇരിഞ്ഞാലക്കുട,കൊടുങ്ങല്ലൂർ, തൃശൂർ എന്നീ നാലു മണ്ഡലങ്ങളിൽ മാത്രമാണ് തൃശ്ശൂരിൽ യുഡിഎഫിന് വിജയിക്കാനായത്.. വാശിയേറിയ പോരാട്ടത്തിനൊടുവിൽ മണലൂരിലും,ഗുരുവായുരിലും എൽഡിഎഫ് തന്നെ വിജയിച്ചു..

തൃശ്ശൂരിലെ ജനാവിധികളിൽ ആദ്യ വിജയം ഉറപ്പിച്ചത് തൃശൂർ നിയമസഭ മനടലം സ്ഥാനാർഥി രാജൻ ജെ പല്ലൻ ആണ്. തൃശൂർ നിയോജക

മണ്ഡലത്തിൽ 26,803 വോട്ടിന്റെ ഭൂരിപക്ഷത്തിൽ രാജൻ ജെ പല്ലൻ മണ്ഡലം തിരിച്ചുപിടിച്ചപ്പോൾ NDA സ്ഥാനാർഥി പത്മജ വേണുഗോപാൽ മൂന്നാം സ്ഥലത്തേക്ക് മാറ്റപ്പെട്ടു

1998 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ എൽഡിഎഫ് സ്ഥാനാർത്ഥി എൻ.കെ. അക്ബർ ഗുരുവായൂരിലും വിജയിച്ചു.. അതെ സമയം ഒല്ലൂർ മണ്ഡലത്തിൽ എൽഡിഫ് സ്ഥാനാർത്ഥി കെ.രാജൻ മൂന്നാം തവണയും വിജയിച്ചു..

എണ്ണായിരത്തിലധികം വോട്ടുകളുടം ഭൂരിപക്ഷത്തിലായിരുന്നു വിജയം..എന്നാൽ മന്ത്രി ആർ ബിന്ദുവിനെ പരാജയപ്പെടുത്തി തോമസ് ഉണ്ണ്യാടൻ മുന്നേറി. വെറും 126 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ മണലൂരിൽ ടി എൻ പ്രതാപനെ വീഴ്ത്തി. പ്രൊ ഫസർ സി.രവീന്ദ്രനാഥ് വിജയിച്ചു. ചേലക്കര,കുന്നംകുളം,വടക്കാഞ്ചേരി,പുതുക്കാട്,നാട്ടിക, കയ്പ്പമംഗലം തുടങ്ങിയ ഇടതുപക്ഷത്തിന്റെ ഉറച്ച കോട്ടകളിലും എൽഡിഎഫ് മികച്ച ഭൂഭിപക്ഷത്തിൽ വിജയിച്ചു. തൃശ്ശൂരിലെ പതിമൂന്നു മണ്ഡലങ്ങളിൽ ഒമ്പതെടുത്ത് എൽഡിഎഫും നാലെടുത്ത് യുഡിഎഫും വിജയം സ്വന്തമാക്കി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വികസിത കേരളമെന്ന കാഴ്ചപ്പാടിനെ ജനങ്ങൾ സ്വീകരിച്ചു എന്നതിന് തെളിവാണ് കേരളത്തിൽ NDAയുടെ ഉജ്ജ്വല വിജയമെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ വിലയിരുത്തി. നേമത്തും, കഴക്കൂട്ടത്തും, ചാത്തന്നൂരിലും BJPക്ക് നൽകിയ വിജയത്തിന് ജനങ്ങളോട് നന്ദി പറയുന്നതായും അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ 10 വർഷം കേരളത്തിൽ പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്തം ഒരു കക്ഷിയും ചെയ്തില്ലെന്നും നിയമസഭയിൽ ജനങ്ങളുടെ പ്രശ്നങ്ങൾ എത്തിക്കാനോ അഴിമതിക്കെതിരെ ശബ്ദമുയർത്താനോ ആരും ഉണ്ടായിരുന്നില്ലെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു

✪✪✪

15 വർഷം ബംഗാൾ ഭരിച്ച തൃണമൂൽ കോൺഗ്രസിനെ നിലംപരിശാക്കി BJP പശ്ചിമബംഗാളിൽ ഭരണം പിടിച്ചെടുത്തു. സ്വാതന്ത്ര്യാന്തര ബംഗാളിലെ ആദ്യ BJP ഗവൺമെന്റാണ് അടുത്ത ദിവസങ്ങളിൽ ഭരണത്തിലെത്തുന്നത്. തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിനുശേഷം ആദ്യ തെരഞ്ഞെടുപ്പിൽ 293 അംഗ നിയമസഭയിൽ 206 സീറ്റും സ്വന്തമാക്കിയാണ് BJPയുടെ വിജയം. തൃണമൂൽ കോൺഗ്രസിന് 81 സീറ്റിൽ മാത്രമാണ് വിജയിക്കാനായത്. കോൺഗ്രസിനും AJUP യ്ക്കും രണ്ട് വീതം സീറ്റ് ലഭിച്ചപ്പോൾ CPIM ഒരു സീറ്റിൽ വിജയിച്ചു.

സ്വന്തം മണ്ഡലമായ ഭവാനിപൂരിൽ TMC മേധാവി കൂടിയായ മമതാ ബാനർജി, BJP സ്ഥാനാർത്ഥി സുവേന്ദു അധികാരിയോട് 15,000ത്തിലേറെ വോട്ടിന് തോറ്റു. കേവല ഭൂരിപക്ഷത്തിന് 148 സീറ്റാണ് പശ്ചിമബംഗാളിൽ വേണ്ടത്. രണ്ട് ഘട്ടങ്ങളിൽ പൂർത്തിയായ തെരഞ്ഞെടുപ്പിൽ റെക്കോർഡ് 92.47 ശതമാനമായിരുന്നു പോളിംഗ്.

✪✪✪

തമിഴ്നാട് നിയമസഭാ തെരഞ്ഞെടുപ്പിൽ 108 സീറ്റോടെ ഏറ്റവും വലിയ ഒറ്റകക്ഷിയായി നടൻ വിജയ്-ന്റെ തമിഴക വെട്രി കഴകം ചരിത്രം കുറിച്ചു. 234 അംഗ നിയമസഭയിൽ ഭരണകക്ഷിയായ ദ്രാവിഡ മുന്നേറ്റ കഴകം 59 സീറ്റിലേക്ക് ഒതുങ്ങി. പ്രതിപക്ഷ അണ്ണാ DMK 47 ഇടത്ത് വിജയിച്ചു. കോൺഗ്രസ് അഞ്ച് സീറ്റിലും TMK നാലിടത്തും CPI -CPIM, BCK, മുസ്ലിം ലീഗ് പാർട്ടികൾ രണ്ട് വീതം സീറ്റിലും, BJP, DMDK, അമ്മാ മക്കൾ മുന്നേട്ര കഴകം എന്നീ കക്ഷികൾ ഓരോ സീറ്റിലും വിജയിച്ചു.

കൊളത്തൂരിലെ സ്വന്തം മണ്ഡലത്തിൽ മുഖ്യമന്ത്രി MK സ്റ്റാലിൻ TVK സ്ഥാനാർത്ഥി VS ബാബുവിനോട് 8700ൽ പരം വോട്ടിന് പരാജയപ്പെട്ടു. അതേസമയം ഉപമുഖ്യമന്ത്രിയും മകനുമായ ഉദയനിധി സ്റ്റാലിൻ ചെപോക്ക് തിരുവല്ലിക്കേനി മണ്ഡലത്തിൽ TVK യുടെ D സെൽവത്തെ 7000ത്തിൽ പരം വോട്ടിന് തോൽപ്പിച്ചു.

പെരമ്പൂരിലും ട്രിച്ചി ഈസ്റ്റിലും മത്സരിച്ച TVK നേതാവ് വിജയ് രണ്ടിടത്തും വിജയിച്ചു.

BJP സ്ഥാനാർത്ഥിയും കേന്ദ്ര സഹമന്ത്രിയുമായ ഡോ. L മുരുകൻ അവിനാശി സംവരണ മണ്ഡലത്തിൽ TVK യുടെ S കമലിയോട് പരാജയപ്പെട്ടു. അടത്തയിടെ DMK യിൽ ചേർന്ന മുൻ മുഖ്യമന്ത്രി O പനീർസെൽവം ബോഡിനായ്ക്കന്നൂരിൽ നിന്ന് വിജയിച്ചു.

✪✪✪

പുതുച്ചേരിയിൽ നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുക്കുന്നതിന്, BJP മുതിർന്ന പാർട്ടി നേതാവും കേന്ദ്രമന്ത്രിയുമായ ഡോ. മൻസുഖ് മാണ്ഡവ്യയെയും പുതുച്ചേരിയുടെ ചുമതല വഹിക്കുന്ന നിർമ്മൽ കുമാർ സുരാനയെയും കേന്ദ്ര നിരീക്ഷകരായി നിയമിച്ചു. BJP പാർലമെന്ററി ബോർഡ് ഇവരുടെ പേരുകൾ അംഗീകരിച്ചു.

✪✪✪

ദേശീയ പാതയിൽ മലപ്പുറം കൂരിയാട് നിർമിച്ച വയഡക്റ്റിന്റെ പ്രവൃത്തി പൂർത്തിയായി. അവസാനഘട്ട മിനുക്കുപണികൾ പൂർത്തിയാക്കി രണ്ടാഴ്ചയ്ക്കകം പാലം തുറന്നുകൊടുക്കാനാകുമെന്ന് KNRC അധികൃതർ പറഞ്ഞു. കോഴിക്കോട് ഭാഗത്തേക്ക് റോഡ് തുറന്നുകൊടുത്ത് സർവീസ് റോഡിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനും ആലോചനയുണ്ട്. കൂരിയാട് അടിപ്പാതമുതൽ കൂരിയാട് തോടിനുമുകളിലെ ആദ്യ പാലംവരെ 380 മീറ്റർ നീളത്തിലാണ് പുതിയ വയഡക്റ്റ് പാലം നിർമിച്ചിത്.

✪✪✪

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, പ്രധാനമന്ത്രി ആവാസ് യോജന ഗ്രാമീൺ ഭവനപദ്ധതി എന്നിവ സംബന്ധിച്ച പരാതികൾ കേൾക്കുന്നതിനായി ഓംബുഡ്സ്മാൻ MS അബ്ദുൽ കലാം ആസാദ് ഇന്ന് മുതൽ ആലപ്പുഴയിൽ സിറ്റിംഗ് നടത്തും. ഇന്ന് തൈക്കാട്ടുശ്ശേരി ബ്ലോക്ക് ഓഫീസിലാണ് സിറ്റിംഗ്.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് ജാഗ്രതാ നിർദ്ദേശം ഇല്ല. കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

IPL ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ്, ലഖ്നൗ സൂപ്പർ ജയന്റ്സിനെ മുംബൈയിൽ ആറ് വിക്കറ്റിന് തോൽപ്പിച്ചു. ഇതോടെ പത്ത് മത്സരങ്ങളിൽ നിന്ന് മുംബൈ ഇന്ത്യൻസ്, ആറ് പോയിന്റ് നേടി. അതേസമയം, ഒമ്പത് മത്സരങ്ങളിൽ നിന്ന് നാല് പോയിന്റ് നേടിയ ലഖ്നൗ സൂപ്പർ ജയന്റ്സ് ടൂർണമെന്റിൽ നിന്ന് നോക്കൗട്ട് ഭീഷണി നേരിടുകയാണ്.

ഇന്ന് ഡൽഹി ക്യാപിറ്റൽസ് , ചെന്നൈ സൂപ്പർകിംഗ്സിനെ നേരിടും. ഡൽഹിയിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ ഒഡീഷ FC ബംഗളൂരു FC മത്സരം സമനിലയിൽ പിരിഞ്ഞു. രണ്ട് ടീമുകളും ഓരോ ഗോൾ വീതം നേടി.

ഇന്ന് മുംബൈ സിറ്റി FC ഈസ്റ്റ് ബംഗാൾ FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് മുംബൈയിലാണ് മത്സരം.

✪✪✪

UDF-ന്റെ ചിട്ടയായ പ്രവർത്തനമാണ് വലിയ വിജയത്തെ സഹായിച്ചതെന്ന് കോഴിക്കോട് DCC പ്രസിഡന്റ് K.പ്രവീൺ കുമാർ പറഞ്ഞു. ജില്ലയിലെ 13 ൽ 12 ഉം സീറ്റ് നേടി UDF വൻ നേട്ടമാണ് കൈവരിച്ചതെന്ന് പ്രവീൺ കുമാർ വിലയിരുത്തി.

പത്തുവർഷത്തെ ഇടതു ഭരണത്തിനെതിരെ കേരള ജനത വോട്ടിംഗിലൂടെ ശക്തമായ മറുപടി നൽകിയെന്ന് മുസ്ലീംലീഗ് നേതാവ് ഡോ. MK മുനീർ പറഞ്ഞു.

✪✪✪

കണ്ണൂർ ജില്ലയിലെ തെരഞ്ഞെടുപ്പിൽ CPIMന്റെ പരാജയം പരിശോധിച്ച് ദൗർബല്യങ്ങൾ ഉണ്ടെങ്കിൽ പരിഹരിക്കുമെന്ന് പാർട്ടി ജില്ലാസെക്രട്ടറി K.K രാഗേഷ് അറിയിച്ചു. തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് അപ്രതീക്ഷിതമായ പരാജയമാണ് ജില്ലയിൽ ഉണ്ടായതെന്നും രാഗേഷ് പറഞ്ഞു.

✪✪✪

പുതുച്ചേരി സംസ്ഥാനത്തിന്റെ ഭാഗമായ മാഹി നിയമസഭാ മണ്ഡലത്തിൽ ഇടത് സ്വതന്ത്രസ്ഥാനാർഥി T അശോക് കുമാർ വിജയിച്ചു. 1,115 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് വിജയം.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News Team: നിമിഷ ജി, അൻഷ കരീം*
*DEO : സി കെ സുബോധ്*